**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3873** **03-03-2023 - ൽ മറുപടിയ്ക്ക്**

**ടൂറിസ്റ്റുകൾ ആക്രമിക്കപ്പെട്ട സംഭവങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് എത്തിച്ചേർന്ന ടൂറിസ്റ്റുകൾ ആക്രമിക്കപ്പെട്ട എത്ര സംഭവങ്ങൾ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര സംഭവങ്ങളിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് എത്തിച്ചേർന്ന ടൂറിസ്റ്റുകൾ ആക്രമിക്കപ്പെട്ട 16 സംഭവങ്ങൾ മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ (25/05/2016 മുതൽ 24/02/2023)റിപ്പോർട്ട് ചെയ്തിട്ടുണ്ട്.ഇത്തരം സംഭവങ്ങളിൽ 16 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ വിദേശ ടൂറിസ്റ്റുകൾ ആക്രമിക്കപ്പെട്ട ഒരു കേസിൽ 02 കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കാലയളവിൽ ടൂറിസ്റ്റുകൾ കൊല ചെയ്യപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ മുഴുവൻ കുറ്റവാളികളെയും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; കുറ്റവാളികൾക്ക് വിചാരണ പൂർത്തീകരിച്ച് ശിക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം നൽകാമോ? | (ബി) | പ്രസ്തുത കാലയളവിൽ ടൂറിസ്റ്റുകൾ കൊലചെയ്യപ്പെട്ട 2 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ( വിദേശ ടൂറിസ്റ്റ്-1, ആഭ്യന്തര ടൂറിസ്റ്റ് -1) ഇതിൽ ഉൾപ്പെട്ട മുഴുവൻ കുറ്റവാളികളെയും കണ്ടെത്തി നിയമത്തിനു മുമ്പിൽ കൊണ്ടു വരാൻ സാധിച്ചിട്ടുണ്ട്. ഇതിൽ വിദേശ ടൂറിസ്റ്റ് കൊല ചെയ്യപ്പെട്ട കേസിലെ 2 കുറ്റവാളികളെ ബഹു. കോടതി ശിക്ഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ